# ഭാര്യയെ തല്ലാമോ?

ആളുകൾ മിക്ക സമയത്തും തല്ലുകയല്ല, തല്ലിപ്പോവുകയാണ്. മുൻകൂട്ടി ആലോചിച്ചുറപ്പിച്ച് തല്ലുന്നത് അപൂർവം. ഒരാളുടെ വർത്തമാനമോ പെരുമാറ്റമോ മൂലം പ്രകോപിതരായി, വിവേകം നഷ്ടപ്പെട്ടിട്ടാണ് പലരും തല്ലുന്നത്.

ഭർത്താവ് ഭാര്യയെയോ, ഭാര്യ ഭർത്താവിനെയോ തല്ലിപ്പോവുമ്പോഴും സംഭവിക്കുന്നത് ഇതുതന്നെ. സാധാരണഗതിയിൽ ഇത് പോലീസിലോ കോടതിയിലോ എത്താറില്ല. മറക്കാനും പൊറുക്കാനും സഹായിക്കുന്ന കുടുംബാന്തരീക്ഷത്തിൽ അത് അലിഞ്ഞുതീരും.


ഒന്നുണ്ട്: ഏതുനാട്ടിലും ഏതു പാരമ്പര്യത്തിലും ഭർത്താക്കന്മാരെ തല്ലുന്ന ഭാര്യമാരെക്കാൾ ഭാര്യമാരെ തല്ലുന്ന ഭർത്താക്കന്മാരാണ് അധികം.

ഇങ്ങനെ ശാരീരികപീഡനം ഏല്പിക്കാൻ ഭർത്താവിന് അവകാശമില്ല എന്നാണ് നമ്മുടെ ശിക്ഷാനിയമത്തിന്റെ കാഴ്ചപ്പാട്. കൃത്യം കോടതിയിൽ തെളിഞ്ഞാൽ ഭർത്താവിന് ശിക്ഷ കിട്ടും. ആ വകയിൽ ഭാര്യയ്ക്ക് വിവാഹമോചനം കിട്ടാനും വകുപ്പുണ്ട്. കക്ഷികൾ ഏതു ജാതിക്കാരാണെങ്കിലും ഏതു മതക്കാരാണെങ്കിലും സ്ഥിതി ഇതുതന്നെ. ഇത് ക്രിമിനൽ കുറ്റമാണ്. ക്രിമിനൽ കാര്യങ്ങളിൽ ഇന്ത്യൻശിക്ഷാനിയമം ജാതിഭേദമോ, മതഭേദമോ കണക്കാക്കുന്നില്ല.

ഭാര്യയെ തല്ലുന്നതിൽ മതത്തിനെന്തുകാര്യം എന്ന ചോദ്യം പ്രസക്തമായിത്തീരുന്ന ഒരു കേസ്സ് പാശ്ചാത്യദേശത്ത് ഉത്ഭവിച്ചതായി ഈയിടെ ഇംഗ്ലീഷ് പത്രമായ 'ദി ഹിന്ദു'വിൽ കണ്ടു.

സംഭവം ഇപ്രകാരമാണ്:

ഭർത്താവ് സ്ഥിരമായി തല്ലുന്നുണ്ടെന്നും അതിനാൽ വിവാഹമോചനം അനുവദിക്കണമെന്നും താല്പര്യപ്പെട്ടുകൊണ്ട് ഒരു മുസ്ലിം സ്ത്രീ സമർപ്പിച്ച ഹർജി ജർമ്മനിയിലെ ഒരു കോടതി തള്ളി. ദമ്പതികൾ മൊറോക്കോക്കാരായ മുസ്ലീങ്ങളാണെന്നും അവരുടെ മതപാരമ്പര്യം അനുസരിച്ച് ഭാര്യയെ തല്ലാൻ ഭർത്താവിന് അധികാരമുണ്ടെന്നും പറഞ്ഞാണ് ഹർജി തള്ളിയത്. ഈ നിലപാടിന് പിൻബലമായി അനുസരണക്കേടിന്ന് ഭാര്യമാരെ അടിക്കുവാൻ ഭർത്താക്കന്മാർക്ക് അധികാരമുണ്ട് എന്ന ഖുർആൻ വാക്യം (സൂറത്തുന്നിസാഅ്: സ്ത്രീകൾ എന്ന അധ്യായം-4: 34) വിധി ന്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.



മുഹമ്മദ് പിക്താൾ

'വള്രിബൂഹുന്ന' (അവരെ അടിക്കുക) എന്നാണ് ഖുർആനിലെ പ്രയോഗം. 'ളറബ' എന്ന അറബിപദത്തിന് 'അടിക്കുക' എന്നുതന്നെയാണ് പ്രസിദ്ധമായ അർത്ഥം. ഇബ്നു കസീർ, അബ്ദുല്ലാ യൂസുഫലി, മുഹമ്മദ് പിക്താൾ, അബുൽ അഅ്ലാ മൗദൂദി, സി. എൻ. അഹ്മദ് മൗലവി തുടങ്ങിയ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം 'അടിക്കുക' എന്നുതന്നെയാണ് ഈ പദത്തിന് അർത്ഥം കൊടുത്തിരിക്കുന്നത്.



സി. എൻ. അഹ്മദ് മൗലവി

കേസിനെപ്പറ്റി വിസ്തരിച്ചുകൊണ്ടും കോടതിവിധി വിശകലനം ചെയ്തുകൊണ്ടും എ. ഫൈസുർ റഹ്മാൻ 'ദി ഹിന്ദു' ദിനപത്രത്തിൽ എഴുതിയ Sorry, wife-beating is UnIslamic എന്ന ലേഖനത്തിൽ (2 മെയ് 2010) ഭാര്യമാരെ തല്ലുന്നത് അനിസ്ലാമികമാണെന്നും അതിന് ഖുർആന്റെ അനുമതിയുണ്ടെന്ന നിലപാട് അത്യബദ്ധമാണെന്നും വാദിച്ചുറപ്പിച്ചിരിക്കുന്നു. 'ളറബ' എന്ന പദത്തിന്റെ പരിഭാഷയിൽ പ്രഗത്ഭരായ ഖുർആൻ വ്യാഖ്യാതാക്കൾക്ക് പിഴച്ചതാണ് ഈ തെറ്റിദ്ധാരണയുണ്ടാകാൻ കാരണമെന്നാണ് ലേഖകന്റെ തീർപ്പ്.

അദ്ദേഹം വിശദീകരിക്കുന്നു:

'ളറബ' എന്ന അറബിപദത്തിന് അടിക്കുക എന്ന് അർത്ഥമുണ്ട്. 'ഉദാഹരണസഹിതം വിശദീകരിക്കുക' എന്നും അതിനർത്ഥമുണ്ട്. ഖുർആനിൽ 50 സന്ദർഭത്തിൽ ഈ പദം പ്രയോഗിച്ചിരിക്കുന്നു. അതിൽ 31 സന്ദർഭത്തിൽ 'ഉദാഹരണസഹിതം വിശദീകരിക്കുക' എന്ന അർത്ഥമാണ് കിട്ടുക. 10 സന്ദർഭത്തിൽ മാത്രമേ 'ളറബ'യ്ക്ക് അടിക്കുക എന്ന് അർത്ഥം കിട്ടൂ.

'സ്ത്രീകൾ' എന്ന അധ്യായത്തിൽനിന്ന് ജർമൻ ന്യായാധിപൻ ഉദ്ധരിച്ച വാക്യത്തിന്റെ സന്ദർഭം വിശകലനം അർഹിക്കുന്നു. കുടുംബവരുമാനം കൈകാര്യം ചെയ്യുന്നതിനെപ്പറ്റിയും ഭർത്താക്കന്മാരോട് അനുസരണയോടെ പെരുമാറുന്നതിനെപ്പറ്റിയും ഭാര്യമാരെ ബോധവത്ക്കരിക്കേണ്ടതെങ്ങനെ എന്ന് ഭർത്താക്കന്മാരെ ഉപദേശിക്കുന്ന ഭാഗമാണിത്. ആ സാഹചര്യത്തിൽ 'വള്രിബു' എന്ന പ്രയോഗത്തിന് 'സോദാഹരണം വിശദീകരിച്ചുകൊടുക്കൂ' എന്ന അർത്ഥമേ ഉചിതമാകൂ.

ഈ വാക്യത്തിന് പരിഭാഷ നല്കുന്ന കേരളത്തിലെ ഇസ്ലാം മതപണ്ഡിതന്മാർ 'ലഘുവായി അടിക്കാം, നേരിയതോതിൽ ശാരീരികശിക്ഷ കൊടുക്കാം, മുഖം ഒഴിച്ചുള്ള ഭാഗങ്ങളിൽ അടിക്കാം' എന്നൊക്കെ വ്യാഖ്യാനിക്കുന്നതു കേട്ടിട്ടുണ്ട്. ഇക്കാലത്ത് അത്തരം സാഹചര്യങ്ങളിൽ പ്രകോപിതരായി ഭാര്യമാർ തിരിച്ചടിച്ചേക്കാം എന്ന് അവർക്കാർക്കും ആലോചന പോവുന്നില്ല. ആ വ്യാഖ്യാനത്തിലെ സ്ത്രീവിരുദ്ധമായ അംശത്തെപ്പറ്റി, നിർഭാഗ്യവശാൽ, അവരാരും ആധിപ്പെടുന്നില്ല.

ദാമ്പത്യകലഹങ്ങൾ അമ്പരപ്പിക്കുന്ന വേഗത്തിൽ പെരുകിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കേരളീയസാഹചര്യത്തിൽ പുരുഷന്മാരുടെ അവിവേകങ്ങൾക്ക് ഖുർആന്റെ പിന്തുണയുണ്ട് എന്നുവരുന്നത് ന്യായമാവില്ല. 'വള്രിബൂഹുന്ന' എന്ന ഖുർആനിലെ പ്രയോഗത്തിന്റെ (4: 34) പരിഭാഷയും വ്യാഖ്യാനവും എന്താണ് എന്നതിനെപ്പറ്റി കേരളത്തിൽ ചർച്ച തുടങ്ങാൻ നേരമായി.

ചന്ദ്രിക ദിനപത്രം: 9 മെയ് 2010.

□

